"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട അംഗനവാടി ജീവനക്കാർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1107/2025/LSGD തീയതി,തിരുവനന്തപുരം, 03-05-2025

---

പരാമർശം:- 1. സ.ഉ(സാധാ) നം.1948/2018/ തസ്വഭവ തീയതി 17/07/2018.

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07/03/2025 ലെ എൽ.എം3(6)/2019/ലൈഫ് നമ്പർ കത്ത്.

**ഉത്തരവ്**

ലൈഫ് ഭൂമിയുള്ള ഭവനരഹിത പട്ടികയിൽ ഉൾപ്പെട്ട അംഗനവാടി ജീവനക്കാർക്ക് ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകുന്നതിന് പരാമർശം -1 പ്രകാരം അനുമതി നൽ കിയിരുന്നു. ലൈഫ് ഭൂരഹിത ഭവനരഹിത പട്ടികയിൽ ഉൾപ്പെട്ട അംഗനവാടി ജീവനക്കാർക്കും ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം -2 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട അംഗനവാടി ജീവനക്കാർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡീഷണൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി, ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്യൂ, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം